നം. ജി4 -8888/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 26.08.2019.
Email - swdkerala@gmail.com
Phone - 0471-2306040

## വിജ്ഞാപനം

സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും സാമൂഹ്യ നീതി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ തെരുവോരങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളേയും, വൃദ്ധരേയും, മാനസിക രോഗികളേയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തെരുവുവെളിച്ചം എന്ന പദ്ധതി പ്രവർത്തിച്ച് വരുന്നു. ഇപ്രകാരം എറണാകുളം ജില്ലയിലെ തെരുവോരങ്ങളിൽ അലഞ്ഞു നടക്കുന്ന കുട്ടികൾ, വൃദ്ധർ, മാനസിക രോഗികൾ എന്നിവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള പ്രസ്തുത പദ്ധതി നടത്തിപ്പിന് താൽപ്പര്യമുള്ള എറണാകുളം ജില്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്നതും സർക്കാർ അംഗീകൃതവും രജിസ്ട്രേഷനുമുള്ള സംഘടനകളിൽ നിന്ന് താൽപ്പര്യ പത്രം ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർക്ക് ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നോ എറണാകുളം ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നോ ലഭ്യമാകുന്നതാണ്. പ്രൊപ്പോസലുകൾ അതാത് ജില്ലാ ഓഫീസർമാർ മുഖാന്തിരം സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ 16.09.2019 5 pm-ന് മുൻപ് ലഭ്യമാക്കേണ്ടതാണ്. PH - 0471 - 2306040 എറണാകുളം DSJO PH - 2425377.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

AN

# <u>തെരുവ് വെളിച്ചം പദ്ധതി</u>

തെരുവ് വെളിച്ചം പദ്ധതി 2019-20 വർഷം മുതൽ അടുത്ത മൂന്ന് വർഷത്തേക്ക് എറണാകുളം ജില്ലയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന് താൽപ്പര്യമുള്ള സംഘടനകൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ/ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

## <u>അംഗീകാരം</u>

- കേരളാ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

## <u>പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ</u>

- എറണാകുളം ജില്ലയാണ് പദ്ധതി പ്രവർത്തന മേഖല
- എറണാകുളം ജില്ലയിൽ കണ്ടെത്തുന്ന മാനസിക രോഗികളായ യുവാക്കൾക്കും, കുട്ടികൾക്കും, സ്ത്രീകൾക്കും സംരക്ഷണവും പുനരധിവാസവും നൽകുക.
- മക്കളാൽ തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കളെ കണ്ടെത്തി സംരക്ഷണം പുനരധിവാസം നൽകുക.
- തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണവും പുനരധിവാസവും നൽകുക
- ചികിത്സ നിഷേധിക്കപ്പെടുന്ന തെരുവ് മക്കൾക്ക് ചികിത്സാ സഹായം എത്തിച്ചു കൊടുക്കുക.
- ബധിരരും മൂകരും ആയ തെരുവ് മക്കളെ കണ്ടെത്തി സംരക്ഷണവും പുനരധിവാസവും നൽകുക
- തെരുവ് മക്കൾക്ക് നേരെ നടക്കുന്ന തിന്മകൾക്കും അതിക്രമങ്ങൾക്കും എതിരെ മാസത്തിലൊരിക്കൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന സമൂഹത്തിലെ എല്ലാവർക്കും ചികിത്സാ സഹായം എത്തിക്കുക.
- അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ എറണാകുളം നഗരത്തിൽ എത്തിപ്പെടുന്ന തെരുവുമക്കളെ കണ്ടെത്തി അവരെ സുരക്ഷിതമായി അവരുടെ സംസ്ഥാനങ്ങളിൽ എത്താൻ സഹായിക്കുക.
- സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന അനാഥരെ കണ്ടെത്തി പുനരധിവാസം നൽകുക.
- തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന ഭിന്നശേഷിക്കാർ, അഗതികൾ, അനാഥർ, വയോജനങ്ങൾ, തെരുവിൽ ഉപയോഗിക്കപ്പെടുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക്

AN

സംരക്ഷണവും, സാന്ത്വനവും, പുനരധിവാസവും നൽകുന്നതിനുള്ള പരിപാടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ, മറ്റ് സർക്കാരിതര സംഘടനകൾ എന്നിവരുമായി സഹകരിച്ച് നടപ്പിലാക്കുക.

- എച്ച്. ഐ.വി ബാധിതരായ തെരുവുമക്കളേയും, കുട്ടികളേയും കണ്ടെത്തുകയും അവർക്ക് പുനരധിവാസം നൽകുക. എയ്ഡ്സ് രോഗം സംബന്ധിച്ച് സമൂഹത്തിൽ ബോധവത്ക്കരണം നടത്തുക.

**<u>പദ്ധതി നടപ്പാക്കുന്നതിന് വകുപ്പ് ലഭ്യമാക്കുന്ന സൗകര്യങ്ങൾ</u>**

1. ഓഫീസ് സംവിധാനത്തിനും താൽക്കാലിക സംരക്ഷണ/പുനരധിവാസത്തിനും ആവശ്യമായ കെട്ടിട സൗകര്യം വകുപ്പ് ലഭ്യമാക്കുന്നതാണ്.
2. പദ്ധതി തുകയുടെ 80% തുക പദ്ധതി നടത്തിപ്പിനായി വകുപ്പ് NGOയ്ക്ക് കൈമാറുന്നതാണ്.

**<u>NGOയ്ക്ക് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ</u>**

1. തെരുവിൽ നിന്നും കണ്ടെത്തുന്നവരെ താൽക്കാലിക സംരക്ഷണ കേന്ദ്രത്തിലേയ്ക്കും അവിടെ നിന്ന് ആശുപത്രി/പുനരധിവാസ കേന്ദ്രം/കോടതി/പോലീസ് സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് കൊണ്ടു പോകുന്നതിനുള്ള വാഹന സൗകര്യം NGOയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്.
2. സ്ഥാപനം 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള സജ്ജീകരണം NGO ഒരുക്കേണ്ടതാണ്.
3. പദ്ധതി നടത്തിപ്പിന് ആവശ്യമായ ആകെ തുകയുടെ 20% NGO വഹിക്കേണ്ടതാണ്.
4. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കും പ്രകാരമുള്ള കാര്യങ്ങൾ ഉദ്ദേശ ശുദ്ധിയോടെ നടപ്പാക്കുന്നതിന് NGO പ്രതിജ്ഞാബന്ധമായിരിക്കേണ്ടതാണ്.
5. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന NGO പദ്ധതി നടത്തിപ്പിനായി സാമൂഹ്യനീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്.

മേൽ പ്രസ്താപിച്ചിട്ടുള്ള പദ്ധതി ലക്ഷ്യങ്ങൾ നടത്തുന്നതിന് അനുയോജ്യതയും താൽപ്പര്യമുള്ള സന്നദ്ധ സംഘടനകൾ പദ്ധതി നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സഹിതം സെപ്റ്റംബർ 16-ന് മുൻപായി സാമൂഹ്യ നീതി ഡയറക്ടറേറ്റ് / ജില്ലാ ഓഫീസ് എറണാകുളം മുൻപാകെ രജിസ്ട്രേഷൻ രേഖകൾ ഉൾപ്പെടെ By Post മുഖേന ലഭ്യമാക്കേണ്ടതാണ്. സാമൂഹ്യ നീതി ഡയറക്ടർ, ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് യോജിച്ച NGO യെ തിരഞ്ഞെടുക്കുന്നതും അപ്രകാരം തിരഞ്ഞെടുക്കുന്ന NGO യ്ക്ക് അടുത്ത മൂന്ന് വർഷത്തേക്ക് പ്രവർത്തനാനുമതി നൽകുന്നതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി.

AN